പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3730 — 30.01.2014 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.-യ്ക്ക് പ്രത്യേക പാക്കേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ് : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിനും പുനരുദ്ധരിയ്ക്കുന്നതിനുമായി എന്തെങ്കിലും പ്രത്യേക പാക്കേജ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (എ) | കെ.എസ്.ആർ.ടി.സിയുടെ നവീകരണത്തിനായി ഒരു റിവൈവൽ പാക്കേജ് നടപ്പാക്കുന്നതിന് പരിഗണനയിലുണ്ട്. ഇതിൽ താഴെ പറയുന്ന കാര്യങ്ങൾക്കാണ് പ്രധാനമായും ഊന്നൽ നൽകിയിട്ടുള്ളത്.<br>1. കെ.എസ്.ആർ.ടി.സിയിലെ പെൻഷൻ ബാദ്ധ്യതയ്ക്ക് സുസ്ഥിരമായ പരിഹാരം കാണുന്നതിന് LIC / SBI പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് ഒരു പാക്കേജ് ഉണ്ടാക്കുക, കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ ബാദ്ധ്യത സമയബന്ധിതമായി പരിഹരിക്കുന്നതിന് ഒരു 'പെൻഷൻ ഫണ്ട്' രൂപീകരിക്കുക.<br>2. കെ.എസ്.ആർ.ടി.സിയുടെ ആസ്തി പുനർ നിർണ്ണയം ചെയ്ത് നിക്ഷേപ വിശ്വാസ്യത വർദ്ധിപ്പിക്കുക.<br>3. കെ.എസ്.ആർ.ടി.സിയുടെ കടബാദ്ധ്യത, കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലയളവിലേക്കും മാറ്റുക (പൊതു മേഖലാ സാമ്പത്തിക സ്ഥാപനങ്ങളുമായി ചേർന്ന്).<br>4. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുക. |

| | | | |
|---|---|---|---|
| | | | 5. തൊഴിലാളികളെ വിശ്വാസത്തിലെടുത്തുകൊണ്ട് കെ.എസ്.ആർ.ടി.സി. യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക.<br>6. കെ.എസ്.ആർ.ടി.സി.യുടെ വർക്ക് ഷോപ്പുകൾ ആധുനികവൽക്കരിക്കുക.<br>7. നവീന ബസ്സുകളും, സാങ്കേതിക വിദ്യയും ഉപയോഗിച്ച് ഇന്ധനക്ഷമത വർദ്ധിപ്പിക്കുകയും, ചെലവ് കുറയ്ക്കുകയും ചെയ്യുക.<br>8. നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് അപകടങ്ങളും, ഗതാഗത കുരുക്കുകളും, മലിനീകരണവും കുറയ്ക്കുക. |
| (ബി) | കെ.എസ്.ആർ.ടി.സി.-യിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശിക യാണ് നൽകുവാനുള്ളത് ? | (ബി) | സാമ്പത്തിക പ്രതിസന്ധി മൂലം ഡിസംബർ മാസത്തെ പെൻഷൻ തുക 8500/- ആയി നിജപ്പെടുത്തിയാണ് വിതരണം ചെയ്തിട്ടുള്ളത്. ജനുവരി മാസത്തെ പെൻഷൻ തുക നാളിതു വരെയും വിതരണം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ